# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 07.01.2026** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഞായറാഴ്ച ഗുജറാത്തിലെ സോമനാഥ് ക്ഷേത്രം സന്ദർശിക്കും, 'സോമനാഥ് സ്വാഭിമാൻ പർവിൽ പ്രധാനമന്ത്രി പങ്കെടുക്കും.

   Prime Minister Narendra Modi will visit Somnath temple in Gujarat on Sunday, PM will participate in 'Somnath Swabhiman Par'.

2. പാകിസ്ഥാൻ പതിറ്റാണ്ടുകളായി തീവ്രവാദ പരിശീലന ക്യാമ്പുകളെ പരസ്യമായി പിന്തുണയ്ക്കുകയാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

   External Affairs Minister S. Jaishankar said that Pakistan has been openly backing terror camps for decades.

3. വാണിജ്യാടിസ്ഥാനത്തിൽ ബയോ-ബിറ്റുമെൻ ഉത്പാദിപ്പിക്കുന്ന ലോകത്തിലെ ആദ്യ രാജ്യമായി ഇന്ത്യ മാറിയെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി.

   Union Minister Nitin Gadkari said that India has become the first country in the world to commercially produce bio-bitumen.

4. രാജ്യത്തെ മൊത്ത ആഭ്യന്തര ഉൽപാദനം 7.4 ശതമാനം വളർച്ച കൈവരിക്കുമെന്ന് റിപ്പോർട്ട്. സേവന മേഖലയിലെ വളർച്ച പ്രധാന ഘടകമായെന്ന് സ്ഥിതിവിവരക്കണക്ക് മന്ത്രാലയം.

   The country's GDP is expected to grow by 7.4 percent, according to a report. The Ministry of Statistics said that the growth in the services sector was the main factor.

5. ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങളും നേട്ടങ്ങളും മാനവരാശിയ്ക്ക് ഒന്നാകെ പ്രയോജനം ചെയ്യുന്നതായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

Scientific discoveries and achievements benefit humanity as a whole, Governor Rajendra Vishwanath Arlekar said.

6. ഇന്ത്യയ്ക്കെതിരായ അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ദക്ഷിണാഫ്രിക്കയ്ക്ക് 394 റൺസ് വിജയലക്ഷ്യം.

India set a target of 394 runs against South Africa in the third match of the Under-19 men's ODI series.

***************************

## SOMNATH SWABHIMAN PARV

പ്രധാനമന്ത്രി നരേന്ദ്ര മോദി ഞായറാഴ്ച ഗുജറാത്തിലെ സോമനാഥ് ക്ഷേത്രം സന്ദർശിക്കും. സോമനാഥ് ക്ഷേത്രത്തിൽ ആക്രമണം നടന്നിട്ട് 2026 ൽ ആയിരം വർഷം തികയുന്ന പശ്ചാത്തലത്തിൽ സംഘടിപ്പിക്കുന്ന 'സോമനാഥ് സ്വാഭിമാൻ പർവ്'-പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും. നാളെ മുതൽ ഞായറാഴ്ച വരെയാണ് സോമനാഥ് സ്വാഭിമാൻ പർവ് ആചരിക്കുന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന ആത്മീയ, സാംസ്കാരിക, സാമൂഹിക പ്രവർത്തനങ്ങൾ പർവിൻറെ ഭാഗമായി സംഘടിപ്പിക്കും.

********************************

## JAISANKAR PAK (INTRO)

പതിറ്റാണ്ടുകളായി തീവ്രവാദ പരിശീലന ക്യാമ്പുകളെ പരസ്യമായി പിന്തുണയ്ക്കുന്ന പാകിസ്ഥാനെ വിമർശിച്ച് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. പാകിസ്ഥാൻ തീവ്രവാദത്തെ പിന്തുണക്കുന്നതാണ് ഇരുരാജ്യങ്ങളും

തമ്മിലുള്ള ബന്ധം മോശമായി തുടരാൻ കാരണമെന്നും അദ്ദേഹം വ്യക്തമാക്കി. ലക്സംബർഗിലെ ഇന്ത്യൻ സമൂഹത്തിലെ അംഗങ്ങളുമായി സംവദിക്കുകയായിരുന്നു വിദേശകാര്യ മന്ത്രി. അയൽരാജ്യത്തിനെതിരെ പാകിസ്ഥാൻ സ്വീകരിക്കുന്ന നയം മറ്റൊരു രാജ്യവും പിന്തുടർന്നിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

*******************************

## GDP-GROWTH

രാജ്യത്തെ മൊത്ത ആഭ്യന്തര ഉൽപ്പാദനം 7.4 ശതമാനം വളർച്ച കൈവരിക്കുമെന്ന് റിപ്പോർട്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 6.5 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരുന്നത്. നടപ്പു സാമ്പത്തിക വർഷം യഥാർത്ഥ ജിഡിപി 201 ലക്ഷം കോടി രൂപയിൽ കൂടുതലാകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സേവന മേഖലയിലുണ്ടായ വളർച്ചയാണ് പ്രധാന ഘടകമായി വർത്തിച്ചതെന്നാണ് സ്ഥിതിവിവരക്കണക്ക് നിർവ്വഹണ മന്ത്രാലയത്തിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

*******************************

## PM - NETANYAHU

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി. ഇന്ത്യ-ഇസ്രായേൽ തന്ത്രപര പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വഴികളെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തതായി പ്രധാനമന്ത്രിയുടെ ഓഫീസ് പ്രസ്താവനയിൽ പറഞ്ഞു. എല്ലാ രൂപത്തിലുമുള്ള ഭീകരതയെയും ചെറുക്കാനുള്ള പ്രതിബദ്ധത ഇരു രാജ്യങ്ങളും വ്യക്തമാക്കി.

*******************************

## REV. VENEZUELA-TOLL

വെനസ്വലേയിലെ കാരക്കാസിൽ നടന്ന യുഎസ് സൈനിക നടപടിയെത്തുടർന്ന് വെനിസ്വേലയുടെ ആക്ടിംഗ് പ്രസിഡന്റ് ഡെൽസി റോഡ്രിഗസ് ഏഴ് ദിവസത്തെ ദേശീയ ദുഃഖാചരണം പ്രഖ്യാപിച്ചു. വെനിസ്വേലയിൽ ജോലി ചെയ്യുന്ന 32 ക്യൂബൻ സൈനികരും പോലീസുകാരും ഉൾപ്പെടെ, 56-ഓളം പേർ സൈനിക നടപടിയിൽ കൊല്ലപ്പെട്ടതായി വെനിസ്വേലൻ സർക്കാർ സ്ഥിരീകരിച്ചു.

********************************

## GOVERNOR

ശാസ്ത്രത്തിന്റെ ഭാഗമായ കണ്ടുപിടിത്തങ്ങളും നേട്ടങ്ങളും മാനവരാശിയ്ക്ക് ഒന്നാകെ പ്രയോജനം ചെയ്യുന്നതായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. 32-ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസിന് കാസർഗോഡ് കേന്ദ്ര സർവകലാശാലയിൽ തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. ശാസ്ത്രീയമായ ജീവിതരീതി അനിവാര്യതയാണെന്നും സ്വന്തം ദേശത്തിന്റെ ജീവിതരീതികൾ പിന്തുടരണമെന്നും ഗവർണർ പറഞ്ഞു. ഈ മാസം ഒൻപത് വരെയാണ് സ്വദേശി ശാസ്ത്ര കോൺഗ്രസ് സംഘടിപ്പിച്ചിരിക്കുന്നത്.

********************************

## DAY SC- CAQM

ഡൽഹിയിലെ വായുമലിനീകരണത്തിന്റെ എല്ലാ പ്രധാന സ്രോതസ്സുകളും രണ്ടാഴ്ചയ്ക്കുള്ളിൽ തിരിച്ചറിഞ്ഞ് അവ ഓരോന്നും ഘട്ടം ഘട്ടമായി പരിഹരിക്കുന്നതിന് ദീർഘകാല മേഖലാ കർമ പദ്ധതികൾ നിർദ്ദേശിക്കാൻ സുപ്രീം കോടതി വായു ഗുണനിലവാര മാനേജ്മെന്റ് കമ്മീഷനോട് ആവശ്യപ്പെട്ടു. ഇത് സംബന്ധമായ എല്ലാ വിദഗ്ധരെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് പരിഹാരങ്ങൾ നടപ്പിലാക്കണമെന്നും ചീഫ്

ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങിയ ബെഞ്ച് നിർദ്ദേശിച്ചു.

*********************************

## ISRO

ഐഎസ്ആർഒയുടെ പിഎസ്എൽവി-സി 62 വിന്റെ വിക്ഷേപണം ഈ മാസം 12ന്. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് രാവിലെ 10.17ന് പിഎസ്എൽവി-സി 62 കുതിച്ചുയരും. ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-N1 ഉൾപ്പെടെ 19 പേലോഡുകളെയും വഹിച്ചാണ് വിക്ഷേപണം.

*********************************

## EVE-PRAGATI

രാജ്യത്ത് സമയബന്ധിതമായ പദ്ധതി വികസനം ഉറപ്പാക്കുന്നതിനായി പ്രധാനമന്ത്രി നേരിട്ട് നേതൃത്വം നൽകുന്ന പ്രഗതി സംരംഭത്തിന്റെ 50-ാമത് യോഗം വിജയകരമായി സംഘടിപ്പിച്ചു. 2015-ലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഗതിക്ക് തുടക്കം കുറിച്ചത്. അരുണാചൽ പ്രദേശിലെ കമേഗ് ജലവൈദ്യുതി പദ്ധതിയെക്കുറിച്ചാണ് പ്രഗതിയുടെ മുന്നേറ്റത്തെക്കുറിച്ചുള്ള പ്രത്യേക പരമ്പരയിൽ ഇന്ന്. 150 മെഗാവാട്ട് വീതമുള്ള നാല് യൂണിറ്റ് പദ്ധതിയാണ് ഇതിൽ വിഭാവനം ചെയ്തിരിക്കുന്നത്.

*********************************

## FACT CHECK

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഒരു പ്രത്യേക നിക്ഷേപക പ്ലാറ്റഫോമിന്റെ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന്

കേന്ദ്ര സർക്കാർ. വീഡിയോ എഐ നിർമ്മിതമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുത പരിശോധന വിഭാഗം അറിയിച്ചു. ഇത്തരം വീഡിയോകൾക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പുലർത്തണമെന്നും മുന്നറിയിപ്പുണ്ട്.

*********************************

## GADKARI BITUMEN (INTRO)

വാണിജ്യാടിസ്ഥാനത്തിൽ ബയോ-ബിറ്റുമെൻ ഉത്പാദിപ്പിക്കുന്ന ലോകത്തിലെ ആദ്യത്തെ രാജ്യമായി ഇന്ത്യ മാറിയെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. CSIR-ന്റെ സാങ്കേതിക വിദ്യ കൈമാറ്റ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാർഷിക മാലിന്യങ്ങളെ മൂല്യവത്തായ ദേശീയ വിഭവമാക്കി പരിവർത്തനം ചെയ്യാൻ സാധിക്കുമെന്നും, ഇത് റോഡ്, അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരു നാഴികക്കല്ലാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു. കാർഷിക മാലിന്യങ്ങൾ ഉപയോഗിക്കുന്നതിലൂടെ, സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താനാകും. 4,500 കോടിയോളം രൂപയുടെ വിദേശ വിനിമയം ഇതിലൂടെ ലാഭിക്കാനാകുമെന്നും ക്രൂഡ് ഓയിൽ ഇറക്കുമതി കുറക്കാൻ സഹായിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

*********************************

## ICC-BANGLADESH PLEA

2026 ലെ ടി-20 ലോകകപ്പ് മത്സരങ്ങളുടെ വേദി ഇന്ത്യയിൽ നിന്ന് മറ്റൊരു രാജ്യത്തേക്ക് മാറ്റണമെന്ന ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡിന്റെ അപേക്ഷ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ തള്ളി. സുരക്ഷാ കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് ടി-20

ലോകകപ്പിനായി ഇന്ത്യയിലേക്ക് വരാൻ ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡ് വിസമ്മതിച്ചത്.

********************************

## U19 CRICKET

ഇന്ത്യയ്ക്കെതിരായ അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ദക്ഷിണാഫ്രിക്കയ്ക്ക് 394 റൺ വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ, നിശ്ചിത 20 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 393 റൺ നേടി. ആരോൺ ജോർജ്ജും വൈഭവ് സൂര്യവൻശിയും ഇന്ത്യക്കായി സെഞ്ചുറി നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്ക ഒടുവിൽ വിവരം ലഭിക്കുമ്പോൾ 30 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 138 റൺസ് എന്ന നിലയിലാണ്. ആദ്യ രണ്ട് മത്സരങ്ങളിൽ വിജയിച്ച ഇന്ത്യ പരമ്പര ഇതിനകം തന്നെ സ്വന്തമാക്കിയിട്ടുണ്ട്.

********************************

## MALAYSIA OPEN

മലേഷ്യ ഓപ്പൺ സൂപ്പർ 1000 ബാഡ്മിന്റണിൽ വനിതാ സിംഗിൾസ് ആദ്യ റൗണ്ട് മത്സരത്തിൽ ഇന്ത്യയുടെ പിവി സിന്ധുവിന് വിജയം. ചൈനീസ് തായ്പേയിയുടെ സുങ് ഷുവോ യുണിനെ 21-13, 22-20 എന്ന സ്കോറിന് നേരിട്ടുള്ള ഗെയിമുകൾക്ക് പരാജയപ്പെടുത്തിയാണ് രണ്ടാം റൗണ്ടിലേയ്ക്ക് കടന്നത്. അടുത്ത റൗണ്ടിൽ സിന്ധു മുൻ ലോക ചാമ്പ്യൻ ജപ്പാന്റെ ടോമോക മിയാസാക്കിയെ നേരിടും.

********************************

## IRAN PROTEST

ഇറാനിലെ രാജ്യവ്യാപക പ്രക്ഷോഭത്തിന്റെ ഭാഗമായി പ്രതിഷേധക്കാർ അബ്ദാനാൻ നഗരത്തിന്റെ നിയന്ത്രണം പിടിച്ചെടുത്തതായി റിപ്പോർട്ട്. രാജ്യത്തെ സാമ്പത്തിക തകർച്ചയെതുടർന്നുള്ള പ്രക്ഷോഭത്തിൽ 27 പേർ കൊല്ലപ്പെട്ടിരുന്നു. ആഴ്ചകളായി തുടരുന്ന പ്രതിഷേധങ്ങളും ഏറ്റുമുട്ടലിനെയും തുടർന്നാണ് നഗരത്തിന്റെ നിയന്ത്രണം പ്രതിഷേധക്കാർ പിടിച്ചെടുത്തത്.

********************************

## IMD - COLD WAVE

പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഒഡീഷ, രാജസ്ഥാൻ എന്നിവിടങ്ങളിൽ അടുത്ത രണ്ട് ദിവസങ്ങളിൽ ശൈത്യതരംഗ മുന്നറിയിപ്പ് നൽകി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മധ്യപ്രദേശ്, ഝാർഖണ്ഡ്, വിദർഭ, ഛത്തീസ്ഗഡ് എന്നിവിടങ്ങളിലും നാളെ ശൈത്യതരംഗം ഉണ്ടാകുമെന്നും മുന്നറിയിപ്പുണ്ട്. ദൃശ്യപരത കുറവായതിനാൽ ഡൽഹിയിലേക്കുള്ള 50 ലധികം ട്രെയിനുകൾ വൈകിയാണ് ഓടുന്നതെന്ന് വടക്കൻ റെയിൽവേ അറിയിച്ചു.

********************************

## SABARIMALA

ശബരിമല സ്വർണപ്പാളി കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ.പത്മകുമാറിന്റെ ജാമ്യാപേക്ഷ കൊല്ലം വിജിലൻസ് കോടതി തള്ളി. കേസിലെ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയെയും, മുരാരി ബാബുവിനെയും കോടതി 14 ദിവസത്തേയ്ക്ക് റിമാൻഡ് ചെയ്തു.

********************************

## SIR

SIR-ന്റെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. കരട് വോട്ടർ പട്ടികയിലെ ഹിയറിങ്ങ് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. അർഹരായ മുഴുവൻ ആളുകളെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി.

********************************

## BOOK FEST - CM

സാമൂഹിക നവീകരണത്തിൽ പുസ്തകോത്സവങ്ങൾക്കും വായനയ്ക്കും നിർണായക പങ്കുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

*

**********

*****************************************************